**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ-447**
**2019 ജനുവരി 29 (ചൊവ്വ)-നുള്ള മറുപടി**

<u>സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ</u>

| | ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ഭവനവായ്പ ബാങ്കുകളിലേക്ക് മാറ്റുന്നതിനുള്ള ഉത്തരവുകൾ എന്നാണ് പുറപ്പെടുവിച്ചതെന്നും ഏതെല്ലാം ബാങ്കുകൾ വഴിയാണെന്നും എത്രപേർ നാളിതുവരെ അപേക്ഷ നൽകിയെന്നും എത്ര പേർക്ക് വായ്പ ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ; | സർക്കാർ ജീവനക്കാർക്ക് ബാങ്കിൽ നിന്ന് ഭവന നിർമ്മാണ വായ്പയെടുക്കുന്നതിന് 05/07/2018-നും (ജി.ഒ.(പി)നം.105/2018/ധന), 11/09/2018-(ജി.ഒ.(പി) നം.143/2018/ധന)-തീയതിയിലും പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, LIC HFL, DHFL തുടങ്ങിയ നോൺ ബാങ്കിങ്ങ് ഫിനാൻസ് കോർപ്പറേഷനുകൾ എന്നിവയിൽ നിന്ന് ഭവന വായ്പ എടുക്കാവുന്നതാണ്. പലിശ സബ്സിഡിയ്ക്ക് അപേക്ഷ ലഭ്യമായാൽ മാത്രമേ എത്ര ജീവനക്കാർ വായ്പ എടുത്തുവെന്ന് വ്യക്തമാകു. |
| (ബി) | 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ ഭവനവായ്പ നൽകുന്നതിനായി എത്ര തുക നീക്കിവെച്ചുവെന്നും എത്രപേർക്ക് എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ; | 2018-19 സാമ്പത്തികവർഷം ഭവനവായ്പ നൽകുന്നതിനായി 354,87,22,000/- രൂപ നീക്കിവെച്ചു. ഇതിൽ 209,87,22,000/- രൂപ അധിക ധനാനുമതി മുഖാന്തരം അനുവദിച്ചതാണ്. 2017-18-ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിച്ച 2385 പേർക്കും വായ്പാ അനുവദിക്കുവാനായി മുഴുവൻ തുകയും അലോട്ട് ചെയ്ത് നൽകി. |
| (സി) | വായ്പകൾ ബാങ്കുകളിലേക്ക് മാറ്റി ജീവനക്കാർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പൂർത്തീകരിച്ച നടപടിക്രമങ്ങളുടെ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ? | 18/01/2019-ലെ 06/2019-ധന നമ്പർ സർക്കുലർ (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 2018-19 സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പയ്ക്ക് യോഗ്യരായ ജീവനക്കാർ ബാങ്കിൽ നിന്ന് ഭവന വായ്പ ലഭിക്കുന്നതിന് ബന്ധപ്പെട്ട ഡിഡിഒ-യ്ക്ക് NOC-യ്ക്ക് അപേക്ഷിക്കുകയും ഡിഡിഒ ആയത് പരിശോധിച്ച് NOC നല്കി ജീവനക്കാർ അത് ബാങ്കിൽ സമർപ്പിക്കുകയും ബാങ്കിൽ നിന്നുള്ള വായ്പാ അനുമതി പത്രം വാങ്ങി ഡിഡിഒ-യ്ക്ക് സമർപ്പിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ